വാല്യം 2

# ലിറ്റിൽ കൈറ്റ്സ് വോയ്സ്

ലക്കം 2

2020 മാർച്ച് 31 | കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ് മുഖപത്രം | 1195 മീനം 18



## ലിറ്റിൽ കൈറ്റുകൾക്കും ഗ്രേസ്മാർക്ക് അനുവദിച്ചു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കൈറ്റിന്റെ നേതൃത്വത്തിൽ ഹൈസ്കൂളുകളിൽ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിലെ 'എ' ഗ്രേഡ് നേടിയ അംഗങ്ങൾക്ക് എസ്.എസ്.എൽ.സി. പരീക്ഷക്ക് ഗ്രേസ് മാർക്ക് അനുവദിച്ച് സർക്കാർ ഉത്തരവായി. ഹൈ ടെക് സ്കൂളുകളിലെ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുക, സ്കൂളിലെ വിദ്യാർത്ഥികൾക്കും പൊതു സമൂഹത്തിനും സാങ്കേതികവിദ്യാ പരിശീലനവും സഹായവും നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് ആരംഭിച്ചിട്ടുള്ളത്. ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിലെ അംഗങ്ങളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് സർക്കാർ ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചത്. പൂർണ്ണമായും പൊതു വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു പദ്ധതിക്ക് ആദ്യമായാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്.

ഇന്ത്യയിലെ കുട്ടികൾക്കായുള്ള ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലേയ്ക്ക് കുട്ടികളെ പ്രത്യേക അഭിരുചി പരീക്ഷ നടത്തിയാണ് തെരഞ്ഞെടുക്കുന്നത്. അനിമേഷൻ, ഗ്രാഫിക്സ്, പ്രോഗ്രാമിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഇന്റർനെറ്റ്, സൈബർ സുരക്ഷ, ഹാർഡ്‌വെയർ എന്നീമേഖലകളിൽ അംഗങ്ങൾക്ക് നിശ്ചിത മണിക്കൂറുകൾ പരിശീനം നൽകുന്നു. പരിശീലനങ്ങളിലെ പങ്കാളിത്തം, സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള ക്യാമ്പുകളിലെ പങ്കാളിത്തം, സംഘമായും വ്യക്തിഗതമായും തയ്യാറാക്കുന്ന അസൈൻമെന്റുകളുടെ പൂർത്തീകരണം, വിദഗ്ധരുടെ ക്ലാസ്സിലെ പങ്കാളിത്തം, മറ്റു വിദ്യാർത്ഥികൾക്കോ രക്ഷിതാക്കൾക്കോ പരിശീലനം നൽകുന്നതിലെ പങ്കാളിത്തം ഇവ പരിഗണിച്ചാണ് ഓരോ അംഗത്തിനും എ, ബി, സി ഗ്രേഡുകൾ നൽകുന്നത്. മറ്റു പദ്ധതികളിലെ ഗ്രേസ് മാർക്ക് അനുവദിക്കുമ്പോൾ ബി, സി ഗ്രേഡുകൾക്കുകൂടി ആനുപാതികമായി മാർക്ക് നൽകുന്നതുപോലെ ബി, സി ഗ്രേഡ് നേടിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് വിവിധ കേന്ദ്രങ്ങളിൽ നിന്ന് ആവശ്യമുയരുന്നുണ്ട്. ഈ ആവശ്യമുന്നയിച്ച് വിവിധ സ്കൂളുകളിലെ പി. റ്റി. എ.കൾ അധികൃതർക്ക് നിവേദനം നൽകാൻ തയ്യാറെടുപ്പുകൾ നടത്തിവരുന്നു.

## ലിറ്റിൽ കൈറ്റ്സ് പ്രാഥമിക ക്യാമ്പ്







കൂത്താട്ടുകുളം: ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് മൂന്നാം ബാച്ച് അംഗങ്ങളുടെ പ്രാഥമിക ക്യാമ്പ് 23-12-2019 വ്യാഴാഴ്ച കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. പിറവം എം. കെ. എം. ഹയർ സെക്കന്ററി സ്കൂൾ, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂൾ, മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് മൂന്നാം ബാച്ച് അംഗങ്ങളാണ് പ്രാഥമിക ക്യാമ്പിൽ പങ്കെടുത്തത്. സ്കൂൾ ഹെഡ്‌മിസ്ട്രസ് എം. ഗീതാദേവി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് രൂപീകരിച്ചതിനുശേഷം ആദ്യമായാണ് എട്ടാം ക്ലാസ്സിൽ തന്നെ ലിറ്റിൽ കൈറ്റുകൾക്ക് പരിശീലനം ആരംഭിക്കുന്നത്. പ്രോഗ്രാമിങ്, മലയാളം കമ്പ്യൂട്ടിങ്, ചിത്രരചന എന്നീ മൂന്ന് മേഖലകളിലെ പ്രാഥമികപാഠങ്ങളാണ് ഒന്നാം വർഷം പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം വർഷത്തെ പ്രായോഗികപരിശീലനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിസ്ഥാന നൈപുണികൾ ഉറപ്പുവരുത്തുക എന്നതാണ് ആദ്യവർഷത്തെ പരിശീലനലക്ഷ്യം. പ്രാഥമിക ക്യാമ്പിൽ പ്രോഗ്രാമിങ് സോഫ്റ്റ്‌വെയർ സ്ക്രാച്ച്, ത്രീഡി അനിമേഷൻ സോഫ്റ്റ്‌വെയർ ബ്ലന്റർ, മൊബൈൽ ആപ്പ് നിർമ്മാണ സോഫ്റ്റ്‌വെയർ എം.ഐ.റ്റി. ആപ് ഇൻവന്റർ എന്നിവ ലഘു പ്രവർത്തനങ്ങളിലൂടെ പരിചയപ്പെടുത്തി. കൈറ്റിന്റെ പ്രവർത്തനങ്ങളും ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങളുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും വിദ്യാർത്ഥികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്ന സെഷനുകളും ഉണ്ടായിരുന്നു. കളികളിലൂടെയും മത്സരങ്ങളിലൂടെയുമുള്ള എല്ലാ സെഷനുകളും ലിറ്റിൽ കൈറ്റുകൾക്ക് രസകരവും വിജ്ഞാനപ്രദവുമായിരുന്നു.. കൈറ്റ് ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായ ശ്യാംലാൽ വി. എസ്., സജിൽ വിൻസെന്റ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. സീനിയർ ലിറ്റിൽ കൈറ്റുകൾ പ്രായോഗിക പരിശീലനത്തിന് നേതൃത്വം നൽകി.

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ ശില്പശാല




കുത്താട്ടുകളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക ശില്പശാല 2020 ജനുവരി 11 ശനിയാഴ്ച നടന്നു. വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ശേഖരിച്ച് എഡിറ്റിംഗ് കഴിഞ്ഞ രചനകൾ ഡിജിറ്റൈസ് ചെയ്യുന്ന തിനുള്ള തയ്യാറെടുപ്പുകൾ, മാഗസിൻ ലേ ഔട്ട് തയ്യാറാക്കൽ, മാഗസിൻ കവർ ഡിസൈനിംഗ്, ഉള്ളടക്കം തീരുമാനിക്കൽ എന്നീ പ്രവർത്തനങ്ങൾ ശില്പശാലയുടെ ഭാഗമായി നടന്നു. കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്., കൈറ്റ് മിസ്ട്രസ് ഗീതാദേവി എം., എസ്. ഐ.ടി.സി. അജിത് എ. എൻ. എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

## റോബോട്ടിക്സ് വിദഗ്ധപരിശീലനം




കുത്താട്ടുകളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് അംഗങ്ങളാക്കായി റോബോട്ടിക്സ് വിദഗ്ധപരിശീലനം നടന്നു. മുത്തോലപുരം വിസാറ്റ് (വിജ്ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി) എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റാണ് പരിശീലനം സംഘടിപ്പിച്ചത്. അസിസ്റ്റന്റ് പ്രൊഫ. റിഫാന ആർ. ക്ലാസ്സുകൾ നയിച്ചു. റോബോട്ടിക്സിന്റെ ചരിത്രം, സേവനമേഖലകൾ, റോബോട്ടിക്സിലെ പുതിയഗവേഷണ സാദ്ധ്യതകൾ, പ്രസിദ്ധമായ റോബോട്ടുകൾ, ഹ്യൂമനോയിഡുകൾ, റോബോട്ടിക്സിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാധാന്യം എന്നിങ്ങനെ റോബോട്ടിക്സിന്റെ സമസ്തമേഖലകളെയും പരിചയപ്പെടുത്തിയ പരിശീലനത്തിൽ രണ്ടു ബാച്ചുകളിൽ നിന്നായി 55 ലിറ്റിൽ കൈറ്റുകൾ പങ്കെടുത്തു.

# 'ലിറ്റിൽ കൈറ്റ്സ് വോയ്സ്' ഡിജിറ്റൽ പത്രം പ്രകാശനം ചെയ്തു.



കുത്താട്ടുകളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ പത്രം 'ലിറ്റിൽ കൈറ്റ്സ് വോയ്സ്'' കൈറ്റ് മൂവാറ്റുപുഴ വിദ്യാഭ്യാസജില്ലാ മാസ്റ്റർ ട്രെയ്നർ കോർഡിനേറ്റർ അനിൽകുമാർ കെ. ബി. 2020 ജനുവരി 14 ന് പ്രകാശനം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് പി. ബി. സാജുവിന് പത്രത്തിന്റെ ഡിജിറ്റൽ പ്രിന്റ് നൽകിയാണ് പ്രാകാശനം നിർവ്വഹിച്ചത്. ചടങ്ങിൽ ഹെഡ് മിസ്ട്രസ് എം. ഗീതാദേവി, സ്റ്റാഫ് സെക്രട്ടറി കുര്യൻ ജോസഫ്, എസ്.ഐ.ടി.സി. അജിത് എ. എൻ. എന്നിവർ പങ്കെടുത്തു. 2019-21 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ ലിബിയ ബിജുവിന്റെ പത്രാധിപത്യത്തിൽ ആതിര സുഭാഷ്, കീർത്തന എസ്., നന്ദന അനിൽ, ആതിര എസ്., നോയൽ ജോമോൻ, ആദിത്യൻ രാജു, സന്ദീപ് സുനിൽ എന്നിവരടങ്ങുന്ന പത്രാധിപ സമിതിയാണ് 'ലിറ്റിൽ കൈറ്റ്സ് വോയ്സ്'' ഡിജിറ്റൽ പത്രം തയ്യാറാക്കിയത്. ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ 2019-20 വർഷത്തെ പ്രവർത്തനങ്ങളാണ് പത്രത്തിന്റെ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# മൊബൈൽ ആപ് നിർമ്മാണം ഏകദിന വിദഗ്ധ പരിശീലനം





കുത്താട്ടുകളം ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങൾക്ക് 2020 ജനുവരി 25 ന് മൊബൈൽ ആപ് നിർമ്മാണ വിദഗ്ധ പരിശീലനം നടന്നു. ഹെഡ്മിസ്ട്രസ് എം. ഗീതാദേവി പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. എം.ഐ.ടി. ആപ് ഇൻവെന്റർ സോഫ്റ്റ്വെയറിലാണ് പരിശീലനം നടത്തിയത്. ലിറ്റിൽ കൈറ്റ്സ് ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗം സജിൽ വിൻസെന്റ് (സെന്റ് മേരീസ് എച്ച്. എസ്., ആരക്കുഴ) പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി. കുത്താട്ടുകളം ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങൾക്ക് പുറമെ മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങളും പരിശീലനത്തിൽ പങ്കെടുത്തു. രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെയായിരുന്നു പരിശീലനം.

# പൈത്തൺ ഗ്രാഫിക്സ് പരിശീലനം



കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് 2018-221 ബാച്ചിലെ അംഗങ്ങൾക്ക് പൈത്തൺ ഗ്രാഫിക്സിൽ പരിശീലനം 2020 മാർച്ച് ഏഴാം തീയതി നടന്നു. ഐഡിൽ, ടർട്ടിൽ ഇവയും പൈത്തണും തമ്മിലുള്ള ബന്ധം, പൈത്തൺ ജാലകങ്ങൾ ഇവ ലിറ്റിൽ കൈറ്റുകളെ പരിചയപ്പെടുത്തി. പൈത്തൺ പ്രോഗ്രാമിംങ് ഭാഷയിലെ പെൻസൈസ്, പെൻകളർ, കളർ ഫില്ലിംങ്, ലൂപ്പ്, നെസ്റ്റഡ് ലൂപ്പ്, കളർ ലൂപ്പ് എന്നീ സങ്കേതങ്ങൾ ഉപയോഗിച്ച് വിവിധ ഗണിതപാറ്റേണുകൾ ലിറ്റിൽ കൈറ്റുകൾ തയ്യാറാക്കി. ഹെഡ്മിസ്ട്രസ് കൂടിയായ കൈറ്റ് മിസ്ട്രസ് എം. ഗീതാദേവി, കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്.എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ഗണിത പാറ്റേൺ നിർമ്മാണത്തിൽ മികവു പ്രകടിപ്പിച്ച കൈറ്റുകൾക്ക് സമ്മാനങ്ങൾ നൽകി അനുമോദിച്ചു. രാവിലെ 9.30 ന് ആരംഭിച്ച പരിശീലനം ഉച്ചയ്ക്ക് 1.30 ന് സമാപിച്ചു.

# 'ലിറ്റിൽ കൈറ്റ്സ്' എറണാകുളം റവന്യൂജില്ലാ സഹവാസക്യാമ്പ്



കുത്താട്ടുകുളം: നൂതന സാങ്കേതിക സംവിധാനങ്ങളായ റോബോട്ടിക്സ്, ഹോം ഓട്ടോമേഷൻ, 3 ഡി ക്യാരക്ടർ മോഡലിങ്ങ് തുടങ്ങിയവ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്ന ദ്വിദിന ലിറ്റിൽ കൈറ്റ്സ് എറണാകുളം ജില്ലാ സഹവാസക്യാമ്പ് ഇടപ്പള്ളിയിലുള്ള കൈറ്റ് ജില്ലാ ആസ്ഥാനത്ത് ഫെബ്രുവരി 16, 17 തീയതികളിൽ നടന്നു. അനിമേഷൻ, പ്രോഗ്രാമിംഗ് എന്നീ മേഖലകളിൽ ജില്ലയിലെ വിവിധ സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ നിന്നും ഉപജില്ലാ ക്യാമ്പുവഴി തെരഞ്ഞെടുക്കപ്പെട്ട നൂറോളം കുട്ടികളാണ് റവന്യൂജില്ലാ സഹവാസ ക്യാമ്പിൽ പങ്കെടുത്ത്. കുത്താട്ടുകുളം ഉപജില്ലയെ പ്രതിനിധീകരിച്ച് ഉപജില്ലാ ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളായ സൂര്യ എസ്. കരുൺ പ്രോഗ്രാമിംഗ് വിഭാഗത്തിലും അർജ്ജുൻ ഷിബു അനിമേഷൻ വിഭാഗത്തിലും പങ്കെടുത്തു. 06/03/2020ൽ സ്കൂളിൽ നടന്ന പ്രത്യേക ചടങ്ങിൽ ജില്ലാ സഹവാസക്യാമ്പിൽ പങ്കെടുത്ത ലിറ്റിൽ കൈറ്റുകൾക്ക് കുത്താട്ടുകുളം നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സിൻ. എൻ. പ്രഭകുമാർ സർട്ടിഫിക്കറ്റുകളും അവാർഡുകളും വിതരണം ചെയ്തു.

# പൈത്തൺ, റാസ്പെറി പൈ വിദഗ്ധപരിശീലനം





ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് അംഗങ്ങളാക്കായി പൈത്തൺ റാസ്പെറി പൈ വിദഗ്ധപരിശീലനം നടന്നു. മുത്തോലപുരം വിസാറ്റ് (വിജ്ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി) എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റാണ് പരിശീലനം സംഘടിപ്പിച്ചത്. റോബോട്ടിക്സ്, നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സ്), റാസ്പെറി പൈ, പൈത്തൺ, വെർച്ചൽ റിയാലിറ്റി, ഓഗ്മെന്റ് റിയാലിറ്റി എന്നിവയിൽ വിവിധ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലിറ്റിൽ കൈറ്റുകൾക്കായി നൽകി. സീനിയർ വിദ്യാർത്ഥികളായ ആകാശ് ജോസഫ് (ഇ.സി.ഇ), ജസ്റ്റിൻ കെ ജോസഫ് (സി. എസ്. ഇ) എന്നിവർ ക്ലാസ്സുകൾ നയിച്ചു.

# ഇന്റർനെറ്റ് വിദഗ്ധ പരിശീലനം

കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ് അംഗങ്ങൾക്കായി 2020 ഫെബ്രുവരി 11 ചൊവ്വാഴ്ച ഇന്റർനെറ്റ് വിദഗ്ധപരിശീലനം നടന്നു. രാവിലെ 10 ന് പി.റ്റി.എ. പ്രസിഡന്റ് പി. ബി. സാജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെൽട്രോൺ മുൻ എഞ്ചിനീയറും കുത്താട്ടുകുളം എൻ.ഐ.ഐ.റ്റി.യുടെ ഡയറക്ടറുമായ ഇ. എം. വർഗ്ഗീസ് ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് എം. ഗീതാദേവി സ്വാഗതവും ലിറ്റിൽ കൈറ്റ്സ് പ്രതിനിധി പാർവ്വതി ബി. നായർ കൃതജ്ഞയും പറഞ്ഞു. തുടർന്ന് പുതുവേലി മാർ കുര്യാക്കോസ് കോളേജ് കമ്പ്യൂട്ടർ വിഭാഗം അസി. പ്രൊഫ. ഡാൽബിന ഡാലൻ 'സൈബർ ലോകം അദ്ഭുതങ്ങളുടെ ആകാശം' എന്ന വിഷത്തിൽ ക്ലാസ്സ് നയിച്ചു. ഡാറ്റാ, സൈബർ സ്പെയ്സ്, സൈബർ ആക്ടിവിറ്റി, സൈബർ ട്രാക്കിംഗ് എന്നിങ്ങനെ ഇന്റർ നെറ്റിന്റെ വിവിധ സങ്കേതങ്ങൾ പരിചയപ്പെടുത്തി. നിത്യജീവിതത്തിൽ ഇന്റർനെറ്റ് സേവനം പ്രയോജനപ്പെടുന്ന മേഖലകളും അതുകൊണ്ടുള്ള സൗകര്യങ്ങളും ക്ലാസ്സിൽ വിശദീകരിച്ചു. ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളും ശ്രദ്ധിക്കേണ്ടകാര്യങ്ങളും ക്ലാസ്സിൽ ഉൾപ്പെടുത്തിയിരുന്നു. 'എ ബിഗ് ബ്രദർ ഈസ് വാച്ചിംഗ് യൂ' എന്ന ക്യാപ്ഷനോടെ ആരംഭിച്ച ക്ലാസ്സ് ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിച്ചു. രണ്ടുബാച്ചുകളിൽ നിന്നുമായി അൻപത്താറ് ലിറ്റിൽ കൈറ്റുകൾ ക്ലാസ്സിൽ പങ്കെടുത്തു.









# ലിറ്റിൽ കൈറ്റ്സ് അവാർഡ് വിതരണം



കൂത്താട്ടുകുളം: പൊതു വിദ്യാഭ്യാസ വകുപ്പ് ഹൈടെക് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് ആദ്യബാച്ച് അംഗങ്ങളുടെ സർട്ടിഫിക്കറ്റുകളും അവാർഡുകളും കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ വിതരണം ചെയ്തു. ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് പ്രവർത്തനമാരംഭിച്ച 2018 ൽ തന്നെ കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ ക്ലബ്ബ് യൂണിറ്റ് തുടങ്ങുകയും ആദ്യ ബാച്ചിന് ക്ലാസ്സ് ആരംഭിക്കുകയും ചെയ്തിരുന്നു. ആദ്യബാച്ചിലെ മുഴവൻ അംഗങ്ങളും എ ഗ്രേഡ് നേടി 2020 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ അഞ്ചുശതമാനം ഗ്രേസ് മാർക്കിന് അർഹരായി. പി.റ്റി.എ.പ്രസിഡന്റ് പി. ബി. സാജുവിന്റെ അദ്ധ്യക്ഷതയിൽ സ്കൂളിൽ ചേർന്ന പ്രത്യേക അനുമോദന യോഗത്തിൽ കൂത്താട്ടുകുളം നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി. എൻ. പ്രഭകുമാർ ലിറ്റിൽ കൈറ്റുകൾക്ക് സർട്ടിഫിക്കറ്റുകളും അവാർഡുകളും വിതരണം ചെയ്തു. ഹെഡ്മിസ്ട്രസ് എം. ഗീതാദേവി സ്വാഗതവും എസ്. ഐ. റ്റി. സി. അജിത് എ. എൻ., കൃതജ്ഞതയും പറഞ്ഞു. എം.പി.റ്റി.എ. പ്രസിഡന്റ് ഷാന്റി മുരളി, കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്., സ്റ്റാഫ് സെക്രട്ടറി കുര്യൻ ജോസഫ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

## 'ലിറ്റിൽ കൈറ്റ്സിന് അനുമോദനം'



കൂത്താട്ടുകുളം: കൂത്താട്ടുകുളം ഹയസെക്കന്ററി സ്കൂളിൽ പി.റ്റി.എ.പ്രസിഡന്റ് പി. ബി. സാജുവിന്റെ അദ്ധ്യക്ഷതയിൽ സ്കൂളിൽ ചേർന്ന പ്രത്യേക അനുമോദന യോഗത്തിൽ കൂത്താട്ടുകുളം നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി. എൻ. പ്രഭകുമാർ ലിറ്റിൽ കൈറ്റ്സ് റവന്യൂജില്ലാ സഹവാസ ക്യാമ്പിൽ പങ്കെടുത്ത സൂര്യ എസ്. കരുൺ, അർജ്ജുൻ ഷിബു എന്നിവരുടെ സർട്ടിഫിക്കറ്റുകളും ഉപഹാരങ്ങളും വിതരണം ചെയ്തു

## മലയാളം കമ്പ്യൂട്ടിംങ് ഏകദിന പരിശീലനം





കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് 2019-22 ബാച്ചിലെ അംഗങ്ങൾക്ക് മലയാളം കമ്പ്യൂട്ടിങ്ങിലുള്ള ഏകദിന പരിശീലനം 2020 മാർച്ച് ആറാം തീയതി നടന്നു. കീബോർഡ് അധിഷ്ഠിത മലയാളം ടൈപ്പിങ്, ഇൻസ്ക്രിപ്റ്റ് കീ ബോർഡ് പരിശീലനം, ടൈപ്പിങ് വേഗത വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയായിരുന്നു ഏകദിന പരിശീലനം. എസ്.ഐ.റ്റി.സി. അജിത് എ. എൻ., കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്. എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. മലയാളം കമ്പ്യൂട്ടിംങ്ങിൽ മികവു പ്രകടിപ്പിച്ച ലിറ്റിൽ കൈറ്റുകൾക്ക് സമ്മാനങ്ങൾ നൽകി അനുമോദിച്ചു. രാവിലെ 9.30 ന് ആരംഭിച്ച പരിശീലനം വൈകുന്നേരം 3.30 ന് സമാപിച്ചു.




കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങൾ ഫീൽഡ് ട്രിപ്പിന്റെ ഭാഗമായി മുത്തോലപുരം വിജ്ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി എഞ്ചിനീയറിംഗ് കോളേജ് (വിസാറ്റ്) സന്ദർശിച്ചപ്പോൾ